# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7833 23.07.2012 ലെ മറുപടിക്ക്.

### അതീവ സുരക്ഷാ മേഖലയിലെ സിനിമാ ചിത്രീകരണം

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഫോട്ടോ ഗ്രാഫിക്കും വീഡിയോ ഗ്രാഫിക്കും കർശന നിയന്ത്രണമേർപ്പെടുത്തുകയും അതീവ സുരക്ഷാ മേഖലയായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ള കൊച്ചി ഇൻഫോ പാർക്കിൽ പാക്കിസ്ഥാൻ പൗരൻ സിനിമാ ചിത്രീകരണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത അതീവ സുരക്ഷാ മേഖലയിൽ സിനിമാ ചിത്രീകരണത്തിന് അനുമതി നൽകിയത് ആരാണെന്ന് വിശദമാക്കാമോ; | ബി) | സിനിമാ ചിത്രീകരണത്തിന് അനുമതി നൽകിയത് ആരാണെന്നത് സംബന്ധിച്ച് നാളിതുവരെയുള്ള അന്വേഷണത്തിൽ അറിവായിട്ടില്ല. |
| (സി) | ഇപ്രകാരം അനുമതി നൽകിയതുവഴി ഉണ്ടായ ഗുരുതരമായ സുരക്ഷാ പാളിച്ചകൾക്ക് ഉത്തരവാദികളായവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വിശദാംശം വെളിപ്പെടുത്താമോ? | സി) | ഇക്കാര്യത്തിൽ തൃക്കാക്കര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ **1100/2012/U/s 14( C) of Foreigners Act 2004** പ്രകാരം ടി പാക് പൗരന്റെ ഇൻഡ്യൻ സ്പോൺസറായ കുഞ്ഞബ്ദുള്ള, നമ്പർ 118 അരങ്ങോട്ട്, ചേറോട്, വടകര എന്നയാൾക്കെതിരെയും പരസ്യ |

| | | | |
|---|---|---|---|
| | | | ചിത്രീകരണം നടത്തിയ കമ്പനിയായ കിച്ചു ഫിലിംസിന്റെ കോർഡിനേറ്റർ കൃഷ്ണകുമാർ എന്നയാൾക്കെതിരെയും 10-7-2012 തീയതി കേസെടുത്ത് അന്വേഷണം നടത്തി വരുന്നുണ്ട്. അന്വേഷണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ആയതിന് ഉത്തരവാദികളായ എല്ലാവരുടെയും പേരിൽ കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ